# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

# 2025-2026

## വി.ആർ.യു.പി. സ്കൂൾ

## മുതുകുറുശ്ശി

# അക്കാദമിക മാസ്റ്റർ പ്ലാൻ

# എൽ.പി വിഭാഗം

# 2025–2026

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി. ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണ്ട് ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് ഞങ്ങൾ തയ്യാറാക്കിയ ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പൊതുസമൂഹത്തിന്റെ പിന്തുണയോടെ വിദ്യാലയ മികവ് ഉന്നതിയിലെക്കെത്തിക്കാനുള്ള ശ്രമത്തിലാണ് ഈ വിദ്യാലയം. അതിന് കരുത്ത് പകരാൻ ഏറെ സഹായകരമായ രീതിയിലാണ് വി.ആർ.യു.പി.എസ് മുതുകുറുശ്ശി ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. എല്ലാ പാഠ്യ-പാഠ്യേതര ലക്ഷ്യങ്ങളും കൈവരിക്കുമെന്ന പ്രതീക്ഷയോടെ ഞങ്ങൾ ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

പി.ടി.എ പ്രസിഡന്റ്
സക്കീർ. എ. എസ്

ഹെഡ് മിസ്ട്രസ്സ്
ബീന പി.എസ്

എം.ടി.എ പ്രസിഡന്റ്
വിനിഷ വിനോദ്

# പൊതു ലക്ഷ്യങ്ങൾ

- സ്കൂളിലെ എല്ലാ കുട്ടികളും അതാത് ക്ലാസ്സിൽ നേടേണ്ട പഠന ലക്ഷ്യങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- കുട്ടിയ്ക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതികസാഹചര്യങ്ങളും ഒരുക്കി കൊടുക്കുക.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഉറപ്പാക്കുക.
- ലഘു പഠനയാത്രകൾ, ശിൽപശാലകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, അഭിമുഖങ്ങൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- വിദ്യാലയം ഒരു പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയ പരിസരം മാറ്റിയെടുക്കുക.
- സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, എന്നിവ ആധുനികവത്ക്കരിക്കുക.
- ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
- പ്ലാസ്റ്റിക്-മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- മാലിന്യ സംസ്കരണത്തിന് സാധ്യമായ മാർഗങ്ങൾ നടപ്പിലാക്കുക.
- ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക.
- കുട്ടികളിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- ഉച്ചഭക്ഷണം വൈവിധ്യവും ജനകീയവുമാക്കുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവർക്ക് പ്രത്യേക ക്ലാസ്സുകളും പഠന തന്ത്രങ്ങളും ആവിഷ്കരിക്കുക.
- കലാ-കായിക-പ്രവൃത്തിപരിചയ, പഠന പ്രവർത്തനങ്ങൾക്കുള്ള സംവിധാനങ്ങൾ ഒരുക്കുക->ടാലൻറ് ലാബ്
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രദാനം ചെയ്യുക.

# അക്കാദമികം

| **നേട്ടങ്ങൾ** | **പരിമിതികൾ** |
|---|---|
| അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന അധ്യാപകർ<br><br>നവീകരിച്ച ശിശു സൗഹൃദമായ കെട്ടിടം<br><br>പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തികത പരിഗണന.<br><br>കായിക പഠനം, പ്രവൃത്തി പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം<br><br>മത്സര പരീക്ഷകളിൽ വിദ്യാർഥികളുടെ മികച്ച പ്രകടനങ്ങൾ<br><br>ജൈവ വൈവിധ്യ അന്തരീക്ഷം കുട്ടികൾക്ക് പ്രധാനം ചെയ്യുന്നു.<br><br>സർഗാത്മക വേദികൾ, ആശയ പ്രകടന വേദികൾ എന്നിവയിലെ മികച്ച നേട്ടങ്ങൾ | മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞില്ല.<br><br>മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടാനുണ്ട്.<br><br>ഐ.ടി അധിഷ്ഠിത പഠനം എല്ലാ ക്ലാസ്സ് റൂമുകളിലും ഒരുക്കാനായിട്ടില്ല.<br><br>കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br><br>ഐ.ഇ.ഡി കുട്ടികളുടെ പഠന പിന്തുണ മെച്ചപ്പെടണം.<br><br>കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ അഭാവം ഇൻറർനെറ്റ് കവറേജിൻെറ അപര്യാപ്തത.<br><br>കെ, ഫോൺ കണക്ഷൻ ഇതുവരെ ലഭ്യമാക്കിയിട്ടില്ല. |

# അക്കാദമിക മാസ്റ്റർപ്ലാൻ– 2025–2026
## ക്ലാസ്സ്– I

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| ഭാഷ (മലയാളം)<br>പാട്ടരങ്ങ് | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ്സ് ടീച്ചർ<br>എസ്.ആർ.ജി<br>രക്ഷിതാവ് |
| രചനോത്സവം | നവംബർ–മാർച്ച് | ജനപ്രതിനിധി<br>ക്ലാസ്സ് ടീച്ചർ<br>എസ്.ആർ.ജി<br>രക്ഷിതാവ് |
| പൊതുജന വായനശാലയിലേക്ക്.. | മാർച്ച് | ക്ലാസ്സ് ടീച്ചർ<br>എസ്.ആർ.ജി<br>രക്ഷിതാവ് |
| English<br><br>Providers opportunity to express my self in the classroom, Assembly, CPTA provides opportunities for English Assembly one day in a week<br><br>ഗണിത ശിൽപ ശാലകൾ | One day in a week<br><br>ഓരോ ടേമിലും | Teacher, SRG<br><br>Class Teacher, CPTA |

## അക്കാദമിക മാസ്റ്റർപ്ലാൻ– 2025–2026
## ക്ലാസ്സ്– II

| ലക്ഷ്യം<br>പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| ഭാഷ<br><br>സർഗാത്മകതയെ തട്ടിയുണർത്താം. രചനാ ശിൽപശാല, കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ, രചനോത്സവങ്ങൾ സംഘടിപ്പിക്കൽ | മാസത്തിൽ രണ്ട് | ക്ലാസ്സ് ടീച്ചർ<br>PTA<br>SRG<br>SSG |
| ഗണിതം<br><br>കളികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ, ജ്യാമതീയ സൗന്ദര്യം തിരിച്ചറിയാം | നിർമ്മാണപ്രവർത്തനങ്ങൾ ഓരോ യൂണിറ്റിലും വരുന്നത് | ക്ലാസ്സ് ടീച്ചർ<br>CPTA<br>SRG<br>SSG |
| പരിസരപഠനം<br><br>ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപ്പര്യം ജനിപ്പിക്കൽ | ലഘു പരീക്ഷണങ്ങൾ, ഓരോ യൂണിറ്റിലും | അധ്യാപകർ<br>SRG |
| English<br><br>ഇംഗ്ലീഷ് തിയേറ്റർ സർഗാത്മകതാ പരിപോഷണം. ഇംഗ്ലീഷ് പാഠ ഭാഗങ്ങളെ വിവിധ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ skit, roleplay, conversation story telling | മാസത്തിൽ ഒന്ന് | Teachers<br>SRG |

# അക്കാദമിക മാസ്റ്റർപ്ലാൻ– 2025–2026
## ക്ലാസ്സ്–III

| ലക്ഷ്യം<br>പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| ഭാഷ<br><br>കവിതകളും പാട്ടുകളും താളാത്മകമായിചൊല്ലി അവതരിപ്പിക്കുന്നതിന് വായ്ത്താരികളുള്ള നാടൻപാട്ട് ശേഖരണം. ശിൽപശാല (നാടൻപാട്ട്) | വർഷത്തിൽ ഒന്ന് | PTA<br>SRG |
| ഗണിതം<br><br>ജ്യാമതീയ സൗന്ദര്യം തിരിച്ചറിയുന്നതിന് ഒറിഗാമി, ശിൽപശാല പഠനോപകരണ നിർമ്മാണ ശിൽപശാല | വർഷത്തിൽ ഒന്ന് | PTA<br>SRG |
| English<br>സർഗാത്മകതാ പരിപോഷണം<br><br>English Test<br><u>E.V.S</u><br><br>പ്രകൃതിവിഭവ സം രക്ഷണ പ്രവർത്തനങ്ങളിലെർപ്പെടൽ ജൈവ വൈവിധ്യ പാർക്ക് | പാഠഭാഗങ്ങളെ മറ്റു വ്യവഹാരരൂപങ്ങളാക്കി മാറ്റൽ (ഓരോ പാഠത്തിലും) മാസത്തിൽ ഒന്ന്<br><br>ജൂൺ മുതൽ മാർച്ച് വരെ. | Teachers<br>SRG<br><br>PTA, SRG, SSG, Teacher |

<table>
<tr><th colspan="3">അക്കാദമിക മാസ്റ്റർപ്ലാൻ– 2025–2026<br>ക്ലാസ്സ്–IV</th></tr>
<tr><th>ലക്ഷ്യം<br>പ്രവർത്തനങ്ങൾ</th><th>കാലയളവ്</th><th>ചുമതല</th></tr>
<tr><td>ഭാഷ<br><br>സാഹിത്യകാരന്മാരെ അടുത്തറിയൽ, സാഹിത്യകാരുമായി അഭിമുഖം</td><td>ഓരോ പാഠഭാഗത്തിലും വരുന്നത്</td><td>ക്ലാസ്സ് ടീച്ചർ<br>SRG</td></tr>
<tr><td>ഗണിതം<br><br>ഗണിതചുമർ</td><td>വർഷം മുഴുവൻ</td><td>ക്ലാസ്സ് ടീച്ചർ</td></tr>
<tr><td>English<br><br>ഇംഗ്ലീഷ് മാഗസിൻ 3 മാസം കൂടുമ്പോൾ കുട്ടികളുടെ രചന ഉൽപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ, ഇംഗ്ലീഷ് ഫലപ്രദമായി സംസാരിക്കുവാനുള്ള ശേഷി, ഇംഗ്ലീഷ് അസ്സംബ്ലി</td><td>ആഴ്ചയിൽ 2 ദിവസം</td><td>Class Teacher<br>SRG</td></tr>
<tr><td><u>E.V.S</u><br>നിരീക്ഷണത്തിലേർപ്പെടൽ<br><br>പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം. ക്ലാസ്സ് മുറിയിൽ അവതരണം, കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ പ്രദർശനം.</td><td>ഫീൽഡ്ട്രിപ്പ് ഓരോ യൂണിറ്റിലും വരുന്നത്<br><br>വർഷത്തിൽ ഒന്ന്</td><td>HM<br>CPTA<br>Teacher<br>SRG<br><br>HM , SRG, CPTA</td></tr>
</table>

# കലാകായിക പ്രവൃത്തി പരിചയം
# ICT

| ലക്ഷ്യം<br>പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| ക്ലാസ്സ് തല ബാല സഭകൾ<br>സർഗവേദികൾ<br>ആരോഗ്യ കായിക വിദ്യഭ്യാസം | എല്ലാ ആഴ്ചകളിലും | ടീച്ചർ |
| സൂംബ,<br>എയറോബിക്സ് എക്സസൈസുകൾ<br>ഗെയിംസ് etc.. | മാസത്തിൽ 4 തവണ | ക്ലാസ്സ് ടീച്ചർ<br>SMC, SRG |
| കരകൗശല പരിശീലനം | മാസത്തിൽ ഒരിക്കൽ | അധ്യാപകർ<br>CPTA<br>SRG |
| വിവരസാങ്കേതിക വിദ്യയിൽ ഉള്ള ശാക്തീകരണം<br><br>ICT പാഠഭാഗവുമായി ബന്ധപ്പെടുത്തൽ.<br>കളിപ്പെട്ടി പരിശീലനം | ജൂൺ-മാർച്ച് | അധ്യാപകർ<br>CPTA |
| പഠനോപകരണ ശിൽപശാലകൾ ഓരോ യൂണിറ്റിലും ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കൽ | ജൂൺ-മാർച്ച് | അധ്യാപകർ<br>CPTA |
| പഠനപിന്തുണക്കാവശ്യമായുള്ള ക്ലബ്ബുകളുറ്റെ രൂപീകരണം<br><br>ഭാഷാക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ്, ഗണിത ക്ലബ്ബ് വിദ്യാരംഗം | ഓരോ ആഴ്ചയിലും | അധ്യാപകർ<br>SRG |

# അക്കാദമിക മാസ്റ്റർപ്ലാൻ- 2025–2026
## വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം-മേഖല-സയൻസ്

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. 5,6,7 ക്ലാസ്സുകളിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠന ലക്ഷ്യങ്ങൾക്കും കുട്ടികളെ അർഹരാക്കുക | 5,6,7 ക്ലാസ്സുകളിലെ മുഴുവനും പാഠഭാഗങ്ങളും ഉൾകൊള്ളിച്ച് വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. | ജൂൺ-ജനുവരി | | സയൻസ് ക്ലബ്ബ് |
| | ലഹരിയിലെ ശാസ്ത്രം-ക്ലാസ്സ് | ജൂൺ | | |
| | സ്കൂൾ പച്ചക്കറിത്തോട്ടം നവീകരിക്കൽ. ശാസ്ത്രോദ്യാനത്തിൽ ഔഷധ സസ്യങ്ങൾ വെച്ചുപിടിപ്പിക്കൽ. | | | സയൻസ് ക്ലബ്ബ് |
| 2. സ്കൂൾ ശാസ്ത്ര പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ | വൃക്ഷ തൈ നടൽ(പരിസ്ഥിതി ദിനം) ശുചിത്വശീലങ്ങൾ-കാസ്സ് | ജൂലൈ-ഫെബ്രുവരി | | സയൻസ് ക്ലബ്ബ് |
| 3. കുട്ടികളിലെ ശാസ്ത്രീയ മനോഭാവം കുറയുന്നു. | ശാസ്ത്രലാബ് നവീകരിക്കൽ വിഭവങ്ങൾ തയ്യാറാക്കൽ, സോപ്പ് നിർമ്മാണം | | | |
| | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ആഗസ്റ്റ് | 10,000/- | സയൻസ് ക്ലബ്ബ് |
| | പഠനോപകരണ ശിൽപശാല, എമർജൻസി നിർമ്മാണം | ഒക്ടോബർ | | |
| 4. ശാസ്ത്രത്തിൻെറ പ്രക്രിയാശേഷികളിൽ മുഴുവൻ കുട്ടികളേയും നിശ്ചിത നിലവാരത്തിൽ എത്തിക്കുക. | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് പരീക്ഷണകളരികൾ | ജൂലൈ-ഫെബ്രുവരി | | |

# അക്കാദമിക മാസ്റ്റർപ്ലാൻ- 2025-2026
## വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം-മേഖല-ഗണിതം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഗണിത പഠനം രസകരവും ആകർഷകവുമാക്കുന്നതിന് സാധിക്കുന്നില്ല | ○ ഗണിത ക്ലബ്ബ് ശാക്തീകരണം<br>○ ദിനാചരണങ്ങൾ<br>○ ഗണിത പതിപ്പ് നിർമ്മാണം<br>○ ഒറിഗാമി, ടാൻ ഗ്രാം രൂപങ്ങളുടെ നിർമ്മാണം<br>○ കറൻസി നോട്ടുകൾ നിർമ്മിച്ച് കച്ചവടക്കളി<br>○ ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് മാതൃകകൾ നിർമ്മിച്ച് ക്ലാസ്സ് റൂം അലങ്കരിക്കൽ<br>○ അബാക്കസ് പരിശീലനം | 2025-ജൂൺ - 2026 മാർച്ച് | ഗണിത അധ്യാപകർ | ഗണിത വിഷയ സമിതി |
| ഗണിതത്തിലെ മുഴുവൻ ശേഷികളും നേടാൻ മുഴുവൻ കുട്ടികൾക്കും കഴിയുന്നില്ല. | ○ മുന്നേറ്റം ക്ലാസ്സുകൾ<br>○ ക്ലാസ്സ്, സ്കൂൾ തല ക്ലിനിക്കുകൾ<br><br>○ ഡോക്യുമെൻററി പ്രദർശനം(ദിനാചരണങ്ങൾ)<br>○ ഗണിത നിഘണ്ടു | 2025-ജൂൺ - 2026 മാർച്ച്<br><br>2025-ജൂൺ - ഡിസംബർ | ഗണിത അധ്യാപകർ | ഗണിത SRG<br><br>ഗണിത വിഷയ സമിതി |
| ഗണിത സൃഷ്ടികൾ പരിചയപ്പെടാനും സ്വയം രചനകൾ നടത്തുവാനും കഴിയുന്നില്ല. | ○ ജിയോജിബ്ര പരിശീലനം<br>○ പൊട്രാക്ടർ നിർമ്മാണം<br>○ ഫ്രൊക്ഷൻ ഡിസ്ക് നിർമ്മാണം<br>○ ഗണിത ഗെയിമുകൾ<br>○ ഗണിതപസിലുകൾ<br>○ ഗണിതപ്രദർശനം<br>○ ഗണിത അസംബ്ലി | 2025-ജൂൺ - 2026 മാർച്ച് | | ഗണിത ക്ലബ്ബ് |

## അക്കാദമിക മാസ്റ്റർപ്ലാൻ– 2025–2026
## വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം–മേഖല–സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിൻെറ അടിസ്ഥാനപ്ല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | അങ്കത്തട്ട്– കളിയിൽ നിന്ന് കാര്യത്തിലേക്ക്:– സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിൻെറ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| | ഓർമ്മച്ചെപ്പ്:– അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥന വിവരങ്ങൾ ആസ്പദമാക്കി ഐ.സി.ടി സാധ്യതകളുപയോഗൊച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | ജൂൺ | അധ്യാപകൻ | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Filed Trip:- ഐ.സി.ടി സാധ്യതകളുപയോഗിച്ച് ലോകത്തിെല ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | അധ്യാപകൻ | |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്:– ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | അധ്യാപകൻ | |
| 4. പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം: നേർക്കാഴ്ച്ച: ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളുടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമന ഉദ്യോഗസ്ഥരുടെ | അക്കാദമിക വർഷാരംഭം | അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | സഹായത്തോടെ Demonstration ക്ലാസ്സുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | | | |
| 5. സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നുറുങ്ങുവെട്ടം:- പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സഹായം ചെയ്യുവാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്ത ബാധിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാകുന്നു. | അക്കാദമിക വർഷം | അധ്യാപകൻ | |
| 6. വിവരവിനിമയ സാങ്കേതിക വിദ്യകളുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ചിലന്തിവലയിൽ നിന്ന് കുതിച്ചു ചാട്ടം:- സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെ ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ സുരക്ഷ, കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | അധ്യാപകൻ | |
| 7. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടെവിടെ മക്കളെ? പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാവുന്നു, മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽകാടുകൾ, തണ്ണീർ തടങ്ങൾ, കാടുകൾ, എന്നിവ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുക. | അക്കാദമിക വർഷം | അധ്യാപകൻ | |
| 8. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതുചക്രവാളത്തിലേക്ക്:- സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സര ബുദ്ധിയോടെ പൊതി വിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |

| ACADEMIC MASTER PLAN 2025-26<br>ENGLISH | | | | |
|---|---|---|---|---|
| **Aim** | **Activities** | **Year** | **Agency** | **Finance** |
| Communication Skill | • Conducting English Fest<br>• Formation of English club<br>• English Assembly<br>• Listening to Podcast | 1 Academic year | English Teachers and English Club members | English Club |
| Effective Pronunciation | • Language lab<br>• ICT Facilities<br>• AI Applications<br>• Video Clippings | 1 Academic year | English Teachers | English Teachers |
| Legible Hand writing | • Diary writing<br>• Poster making and card making<br>• Writing with ICT facilities | 1 Academic year | English Teachers | English Teachers |
| Effective sentence pattern | • Picture description<br>• Story writing<br>• Conservation | 1 Academic year | English Teachers | English Teachers |
| Sufficient vocabulary | - Word games<br>- Spelling contests<br>- Dictionary making | 1 Academic year | English Teachers | English Teachers |

# അക്കാദമിക മാസ്റ്റർപ്ലാൻ- 2025-2026

## വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം-മേഖല-മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയ സംവേദനം വളർത്താനും പദസമ്പത്ത് വളർത്താനും പഠിതാവിനെ പ്രാപ്തനാക്കുക. | • അവധിക്കാല വിശേഷങ്ങൾ പറയൽ, വിവിധ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കൽ<br>• ലഹരിവിരുദ്ധ പോസ്റ്ററുകൾ തയ്യാറാക്കൽ.<br>• ഭാഷാകേളി-അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ആലപിക്കൽ അക്ഷരങ്ങളും ചി□ ങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങൾ-വക്യങ്ങൾ നിർമ്മാണം. | ജൂൺ | മലയാളം അധ്യാപകർ | - |
| പഠിതാവിൻെറ അർത്ഥപൂർണമായ വായന ഉറപ്പ് വരുത്തുന്നു. | പത്രം, ആഴ്ചപ്പതിപ്പ്, ബാല മാസികകൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കുന്നു. ക്ലാസ്സ് ലൈബ്രറി ശാസ്ത്രീകരണം, പത്ര ക്വിസ്, വായന ക്വിസ്, വായനാ അനുഭവങ്ങൾ പങ്കുവെക്കൽ, മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് ആവിഷ്കരിക്കൽ അസംബ്ലിയിൽ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു. | ജൂൺ-ജൂലൈ 15 | മലയാളം അധ്യാപകർ<br>വിദ്യാരംഗം സാഹിത്യവേദി | |
| പഠിതാക്കളുടെ സർഗശേഷി വളർത്തൽ-നേടിയ അറിവുകൾ മറ്റ് വ്യവഹാര രൂപങ്ങളിലൂടെയും ഡിജിറ്റൽ മാധ്യമങ്ങളിലൂടെയും സം പ്രേഷണം ചെയ്യൽ | സാഹിത്യകാരന്മാരുമായി അഭിമുഖം രചനാ ശിൽപശാലകൾ സംഘടിപ്പിക്കൽ, ആഴ്ചയിൽ ഒരു ദിവസം പഠന പ്രവർത്തനങ്ങളുടെ ദൃശ്യാവിഷ്കാരം, റീഡിംഗ് തിയ്യേറ്റർ കഥകൾ ഭാവത്മകമായി അവതരിപ്പിക്കൽ സ്വന്തം രചനകൾ അവതരിപ്പിക്കൽ<br><br>പാചകക്കുറിപ്പുകൾ തയ്യാറാക്കൽ, പാചകമേള<br><br>സംവാദം-അടുക്കള സ്ത്രീയുടേത് മാത്രമോ?<br><br>പുഷ്പോത്സവം പോസ്റ്റർ, ഡിജിറ്റൽ പോസ്റ്റർ തയ്യാറാക്കൽ, മഴപ്പതിപ്പ്, ചുമർപത്രിക തയ്യാറാക്കൽ | 1 വർഷം<br><br>ഒന്നാം ടേം | മലയാളം ക്ലബ്ബ്<br><br>സാഹിത്യ സമാജം<br><br>വിദ്യാരംഗം സാഹിത്യവേദി<br><br>മലയാളം ക്ലബ്ബ് | |

# അക്കാദമിക മാസ്റ്റർപ്ലാൻ- 2025-2026

## വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം-മേഖല-സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചി□ ം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ-ആഗസ്റ്റ് | PTA റിസോഴ്സ് അധ്യാപിക | - |
| 2. കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | • ഓരോ സംസ്കൃതം പിരിയഡും 5 മിനുട്ട് ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേര് ഉറക്കെ വായിക്കുക.<br>• സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക. | 6 മാസം | റിസോഴ്സ് അധ്യാപിക | |
| 3. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ | • ക്ലബ്ബ് രൂപീകരണം<br>• കലണ്ടർ നിർമ്മാണം<br>• പഠനോപകരണ നിർമ്മാണം<br>• പഠനയാത്ര | ജൂൺ-മാർച്ച് | റിസോഴ്സ് അധ്യാപിക | |
| 4. ശുചിത്വ പരിപാലനം | • ശുചിത്വ പരിപാലനത്തെക്കുറിച്ച് പോസ്റ്റർ തയ്യാറാക്കൽ | ജൂൺ | റിസോഴ്സ് അധ്യാപിക | |
| 5. പരീക്ഷകൾക്ക് തയ്യാറാക്കൽ | • എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു<br>• മതൃകാ ചോദ്യപേപ്പർ തയ്യാറാക്കുന്നു | ജൂൺ-മാർച്ച് | റിസോഴ്സ് അധ്യാപിക | |
| 6. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | • ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേക ക്ലാസ്സുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ-മാർച്ച് | റിസോഴ്സ് അധ്യാപിക | |

# അക്കാദമിക മാസ്റ്റർപ്ലാൻ- 2025-2026

## വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം-മേഖല-അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. രൂപപ്പെടുത്തുകയും ചെയ്യുക. | **കൈത്താങ്ങ്**<br>ടെസ്റ്റ് നടത്തി ഭാഷാപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ, ഫ്ലാഷ് കാർഡുകൾ, നിറം നൽകാൻ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ. | മൂന്ന് മാസം | പുസ്തകങ്ങൾ<br>കാർഡുകൾ |
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക, പദസമ്പത്ത് അധികരിപ്പിക്കുക. | **പുതിയ പദം പരിചയപ്പെടൽ**<br>ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ കഥാ കവിതാ പുസ്തകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ, കവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. ലഘുസംഭാഷണങ്ങൾ, പാഠ ഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം, കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു. സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം. | ജൂൺ -മാർച്ച് | പുസ്തകങ്ങൾ, കാർഡുകൾ, സി.ഡികൾ |

| | | | |
|---|---|---|---|
| കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക. | ചിത്രങ്ങൾ, ലഘു കവിതകൾ, കഥകൾ, സംഭാഷണം, പദപ്രശ്നം, കുറിപ്പുകൾ, വിവരണം എന്നിവ ഉൾകൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | ജൂൺ -മാർച്ച് | പുസ്തകങ്ങൾ ചാർട്ടുകൾ |
| ഓരോ മാസവും കുട്ടികൾ വായനാ തൽപരരാവുകയും ഭാഷ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക | മാസത്തിലൊരിക്കൽ ക്ലാസ്സ് തലത്തിൽ വായനാമത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു. | ജൂൺ -മാർച്ച് | പുസ്തകങ്ങൾ ചാർട്ടുകൾ |
| അറബി ഭാഷാ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തുക | **യൂണിറ്റ് തല നിഘണ്ടു നിർമ്മാണം**<br><br>ഓരോ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥ സഹിതം എഴുതുകയും അവസാനം പ്രിൻറ്/പി.ഡി.എഫ് ചെയ്ത് കുട്ടികൾക്ക് നൽകുന്നു. | 6 മാസം | |
| കുട്ടികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനും | **സ്കൂൾ റേഡിയോ**<br><br>കഥ, പ്രസംഗം, ഗാനം, വാർത്തകൾ എന്നിവ അവതരിപ്പിക്കുന്നു | 1 വർഷം | |

# അക്കാദമിക മാസ്റ്റർപ്ലാൻ- 2025-2026

## വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം-മേഖല-അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തനം | ഭൗതികം | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|
| ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | 1. **മികവിൻെറ വഴിയിൽ**<br>• പ്രൈമറി ക്ലാസ്സ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക.<br>• മുന്നറിവ് പരിശോധിക്കൽ<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ | 2 months | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, സി.ഡികൾ | BRC<br>LSG<br>SMC<br>PTA |
| കരിക്കുലം ലക്ഷ്യം വെയ്ക്കുന്ന അറബി ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.<br><br>വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്സ് റൂമുകളിൽ ഒരുക്കുക. | 2. **വായനാവസന്തം**<br>• വായന മത്സരം<br>• ക്ലാസ്സ് ലൈബ്രറി<br>• വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>• വായന കുറിപ്പുകൾ<br>• അറബിക് പത്രവായന/റേഡിയോ | 6 months | പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി | BRC<br>LSG<br>SMC<br>PTA<br>OSF |
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പുവരുത്തുക. | 3. **എഴുത്തുത്സവം**<br>• എഴുത്തുകൂട്ടം<br>• പതിപ്പുകളുടെ നിർമ്മാണം<br>• വായന കുറിപ്പ് ശേഖരണം<br>• ഇൻലൻറ് മാഗസിൻ<br>• ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>• ഭാഷ കളികൾ | 12 months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | BRC<br>PTA<br>DIET |
| ഭാഷ പഠനത്തിൽ ഐ.ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. | 4. **അറബിക് കമ്മ്യൂണിക്കേഷൻ**<br>• ആശയവിനിമയ വേദി ക്ലാസ്സ് തലം, സ്കൂൾ തലം<br>• മൊബൈൽ ലിസണിങ്, സ്പീക്കിങ്<br>• യാത്രകൾ<br>• അറബിക് മേള (നാടകം, മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>• ഭാഷ കളികൾ, അറബിക് അസംബ്ലി | 24 months | ഐ.ടി.സി പുസ്തകങ്ങൾ, സി.ഡികൾ | BRC<br>PTA<br>LSG<br>SMC |

| | | | | |
|---|---|---|---|---|
| സർഗ്ഗ കഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക. | • ഭാഷാ പ്രദർശനം<br>• ഭാഷാ ക്യാമ്പ്<br><br>**5. <u>ലാംഗേജ് ലാബ്</u>**<br><br>• സ്മാർട്ട് ക്ലാസ്സ് റൂം<br>• അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>• ചിത്രീകരണങ്ങൾ<br>• സിനിമ<br>• ആനിമേഷൻ<br>• സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | 36 months | | BRC<br>LSG<br>SMC<br>OSF |
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺ–മാർച്ച് | അസംബ്ലി, ചാർട്ടുകൾ | |

## അക്കാദമിക മാസ്റ്റർപ്ലാൻ– 2025–2026

## വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം-മേഖല-അറബിക്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം |
|---|---|---|---|
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺ–മാർച്ച് | അസംബ്ലി, ചാർട്ടുകൾ |
| ഭാഷാ പഠനത്തിൽ ഐ.ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. | ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിതാ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, ആനിമേഷൻ മുതലായവയുടെ നിർമ്മാണവും ഉപയോഗവും | ജൂൺ മുതൽ | സ്കൂൾ ഇൻറർനെറ്റ് സൗകര്യം, വെബ്സൈറ്റുകൾ |

# അക്കാദമിക മാസ്റ്റർപ്ലാൻ- 2025-2026
# ഉറുദു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| • 5,6,7 ക്ലാസ്സിൽ അക്ഷരബോധം ഉറപ്പിക്കൽ. | പുതിയ പദങ്ങൾ, ചിത്രങ്ങൾ, ചിത്രകഥകൾ, അക്ഷര കാർഡുകൾ, ഐ.സി.ടി എന്നിവയുടെ സഹായത്താൽ അക്ഷരങ്ങളെ മനസ്സിലാക്കിക്കൊടുത്തു പഠിപ്പിക്കൽ | ജൂൺ-ജൂലൈ | ഉറുദു അധ്യാപിക |
| • ഉർദു വായന തെറ്റുകൂടാതെ ഉറുദു വായിക്കുവാനുള്ള പരിശ്രമം ചെയ്യുക | വായന മത്സരങ്ങൾ സംഘടിപ്പിക്കൽ, ആഴ്ചയിൽ ഒരു ദിവസം വായനക്കായി മാറ്റിവെക്കൽ, പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനയ്ക്ക് ലഭ്യമാക്കൽ | ജൂൺ-ഫെബ്രുവരി | ഉറുദു അധ്യാപിക |
| • ലിഖ്ന പഢ്ന ആസാൻ എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ അക്ഷരത്തെറ്റ് കൂടാതെ എഴുതാനും ഒഴുക്കോടെയും ഉച്ചാരണ ശുദ്ധിയോടെയും വായിക്കാനുമുള്ള ശേഷി കൈവരിക്കൽ | • അക്ഷര കാർഡുകളുടെ സഹായത്താൽ അക്ഷരങ്ങളുടെ രൂപവും ഉച്ചാരണവും ഉറപ്പിക്കൽ<br>• പദചിത്ര കാർഡുകൾ വായിച്ച് അനുയോജ്യമായവ യോജിപ്പിക്കുന്നു.<br>• വായന കാർഡുകൾ ഉപയോഗിച്ച് വായിക്കുന്നു.<br>• കോപ്പി എഴുതുന്നു. | ജൂൺ-ഫെബ്രുവരി | ഉറുദു അധ്യാപിക |
| • ഉറുദു ദിനം<br>• ലോക ഉറുദു ദിനം<br>• ദേശീയ ഉറുദു ദിനം | • ടാലൻറ് മീറ്റ്<br>• ഉറുദു അസ്സംബ്ലി<br>• ഉറുദു ഫെസ്റ്റ്<br>• ഉറുദു സാഹിത്യകാരന്മാരെ പരിചയപ്പെടൽ | നവംബർ-9 - ഫെബ്രുവരി 15 | ഉറുദു അധ്യാപിക |

# അക്കാദമിക മാസ്റ്റർപ്ലാൻ– 2024–2025
## വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം–മേഖല–ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5,6,7 ക്ലാസ്സ് അക്ഷരബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും, അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക, പഠിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പി ക്കും, ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, ഐ.സി.ടി ഉപയോഗിച്ച് ചിത്രരചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അദ്ധ്യാപകർ | |
| ഹിന്ദി വായന തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യുക. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും, ഹിന്ദി മറ്റ് ചിത്ര കഥകൾ, താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അദ്ധ്യാപകർ | |
| ഹിന്ദി സംസാരം ഹിന്ദി സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കുക, നിത്യ ജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തുക. | ഹിന്ദി മാത്രം മിക്കവാറും ക്ലാസ്സുകളിൽ ഉപയോഗിക്കും. കുട്ടികളുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കുക. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസ്സിൽ കൊണ്ടുവരിക. വായനയ്ക്ക്:– ഹിന്ദി തെറ്റിച്ച് അദ്ധ്യാപകർ വായിക്കും, കുട്ടികൾ അത് ശ്രദ്ധയോടെ ശരിയാക്കി വായിക്കും. Readery fight മത്സര വായന: തെറ്റാതെ, ആവർത്തിക്കാതെ, പാസില്ലാതെ കൂടുതൽ വരി വായിക്കണം. അ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അദ്ധ്യാപകർ | |